# നീലാകാശത്തിന്റെ താഴെ

## എം. പ്രഭാകരൻ

**പ**ഥേർ പാഞ്ചാലി, അപരാജിത, കാബൂളിവാല മുതലായ ലോകപ്രസിദ്ധങ്ങളായ ചിത്രങ്ങൾ സംഭാവന ചെയ്ത ബങ്കാളി സിനിമ ഭാവഭംഗിയുടെ കാര്യത്തിൽ മറ്റ് ഇന്ത്യൻ പടങ്ങളെ പിന്നിലാക്കുന്നു. സത്യജിത്ത്റായിയുടെ അരങ്ങേററത്തിനുശേഷം ബങ്കാളിലെ സിനിമാരംഗത്ത് വിജയപ്രദങ്ങളായ പല പരീക്ഷണങ്ങളും നടക്കുകയുണ്ടായി. അതിന് ഉദാഹരണമാണ് 'ഡാക്ക് ഹർക്കർ' (അഞ്ചൽക്കാരൻ), 'ലോക-കപ്പട്ട' (ജയിൽ) 'അജാന്ത്രിക്' (യാന്ത്രികമല്ലാത്തത്) മുതലായവ. പ്രേക്ഷകരുടെ ഹൃദയത്തിൽനിന്ന് ഒരിക്കലും മായാത്ത ഈ ചിത്രങ്ങൾക്ക് ബങ്കാളിന് പുറത്ത് വേണ്ടത്ര പ്രസിദ്ധീകരണം ലഭിക്കുന്നില്ലെന്നു മാത്രമല്ല, പ്രദർശിപ്പിക്കുവാൻകൂടി മുതിരുന്നില്ല എന്നത് തികച്ചും നിർഭാഗ്യകരമാണ്.

ഇന്ത്യയിലെ ഫിലിം നിരൂപകന്മാരുടെ മുക്തകണ്ഠം പ്രശംസയ്ക്ക് പാത്രമായ ഒരു പുതിയ ബങ്കാളി ചിത്രമാണ് 'നീലാകാശെർ നീചെ' പ്രസിദ്ധ ഗായകനായ ശ്രീ ഹേമന്ത മുക്കർജിയും പത്നി ബേലാമുക്കർജിയുമാണ് ഇതിന്റെ നിർമാതാക്കൾ. പദ്മവിഭൂഷൺ മഹാദേവിവർമയുടെ ഒരു ചെറുകഥയെ അധികരിച്ച് നിർമിച്ച ഈ ചിത്രം സംവിധാനം ചെയ്തത്, അടുത്ത കാലത്ത് 'രാജാധാനിതെക്കെ' (തലസ്ഥാനത്തിൽ നിന്ന്) എന്ന ഒരു നല്ല പടവുമായി ബങ്കാളിലെ സിനിമാലോകത്ത് ആദ്യമായി പ്രത്യക്ഷപ്പെട്ട ശ്രീ മൃണാൾ സെന്നാണ്.

### വിദേശിയല്ലാത്ത വിദേശി

1930-ലെ നിയമലംഘനപ്രസ്ഥാനകാലം. കൽക്കത്തയിലെ ഒരു ഇടുങ്ങിയ തെരുവിൽ ചീനാസിൽക്ക് വിൽക്കുന്ന വാങ്‌ലൂവിന്റെ പിറകെ ഒരു കൂട്ടംകുട്ടികൾ 'ചീനാക്കാരൻ' എന്ന് ആർത്തുവിളിച്ചു നടക്കുന്നു. രാഷ്ട്രീയപ്രവർത്തകയും സ്ഥലത്തെ ഒരു യുവബാരിസ്റ്ററുടെ പത്നിയുമായ വാസന്തി നല്ല വാക്ക് പറഞ്ഞ് കുട്ടികളെ പിരിച്ചയയ്ക്കുന്നു. പിന്നീട് വാസന്തിയുടെ വീട്ടിലും വാങ്‌ലൂ ചീനസിൽക്ക് വിൽക്കാൻ കയറിച്ചെല്ലുകയാണ്. ''സഹോദരാ, ഞാൻ വിദേശവസ്ത്രങ്ങൾ ധരിക്കാറില്ല" എന്ന് പറയുന്ന വാസന്തിയോട്, തന്റെ നീലക്കണ്ണുകളും പതിഞ്ഞ മൂക്കും, തവിട്ട് നിറവും കാണിച്ച് താനൊരു വിദേശിയല്ലെന്നും ചീനക്കാരനാണെന്നും വാങ്‌ലൂ പറഞ്ഞുമനസ്സിലാക്കുകയാണ്. സ്വന്തം നാട്ടിന്റെ മോചനത്തിനായി സമരം ചെ

വാങ്‌ലൂ (കാളി ബാനർജി) വാസന്തിയുടെ മുറ്റത്ത്



യ്യുന്ന ഏഷ്യയിലെ രണ്ടു രാജ്യങ്ങളായ ചീനയും ഇന്ത്യയും രണ്ടു വിദേശരാജ്യങ്ങളായി കണ്ട തന്റെ തെറ്റ് വാസന്തി മനസ്സിലാക്കി. ആവശ്യമില്ലെങ്കിലും ഒരു ചെറിയ തുകയ്ക്ക് അവൾ സാധനങ്ങൾ വാങ്ങി. തന്നെ ആദ്യമായി സഹോദരാ എന്ന് സംബോധന ചെയ്ത വാസന്തിയിൽ വാങ്ലൂവിന്ന് അതിയായ ആദരവും ബഹുമാനവും ഉദിച്ചു.

ഒരുദിവസം വാങ്ലു തെരുവുകൾതോറും ചീനാസിൽക്ക് വിറ്റ് നടന്നു നടന്നു വാസന്തി വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടു പ്രസംഗിക്കുന്ന ഒരു യോഗസ്ഥലത്ത് എത്തിച്ചേരുന്നു. കുറച്ചു സമയത്തിനുള്ളിൽ പൊലീസ് യോഗം ആക്രമിച്ചു പിരിച്ചുവിട്ടു. ബഹളത്തിൽനിന്ന് ഒഴിഞ്ഞുമാറി വീട്ടിലേക്ക് തിരിക്കുന്ന വാസന്തിയെ പൊലീസ് പിന്തുടരുന്നുണ്ടെന്ന വിവരം വാങ്ലൂ ചെന്നറിയിക്കുമ്പോൾ തന്റെ കൈയിലുണ്ടായിരുന്ന ചില രഹസ്യരേഖകൾ വാസന്തി വാങ്ലൂവിനെ ഏല്പിച്ച്, പൊലീസിന് പിടികൊടുക്കുന്നു. രഹസ്യരേഖകൾ പിടികിട്ടാത്തതിനാൽ വാസന്തിയെ പൊലീസുകാർ വിട്ടെങ്കിലും വാങ്ലൂവിൽ സംശയം തോന്നി അവന്റെ വീട് വളഞ്ഞു... പൊലീസ് വരുന്നുണ്ടെന്ന വിവരം അറിഞ്ഞ് വാങ്ലൂ രേഖകളുമായി ഒളിച്ചോടിപ്പോകുന്നു. രാത്രി മുഴുവൻ കൊടുംതണുപ്പിൽ ഹുഗ്ലിയുടെ തീരത്ത് കഴിച്ചുകൂട്ടി പ്രഭാതത്തിൽ വാസന്തിയുടെ വീട്ടിൽചെന്ന് രഹസ്യരേഖകൾ തിരിച്ചേല്പിക്കുകയാണയാൾ. എന്നാൽ, തന്റെ സ്വീകരണമുറിയിൽ തെരുവിൽ വസ്ത്രങ്ങൾ വിറ്റ് നടക്കുന്ന വാങ്ലൂ ഇരിക്കുന്നതു കാണുന്ന വാസന്തിയുടെ ഭർത്താവ് ബാരിസ്റ്റർ രാജത്ത് രോഷാകുലനായി അവനെ ആട്ടിപുറത്താക്കി.

പിന്നീട് ചൈനയുടെ നവവത്സര ദിനത്തിൽ നല്ല വസ്ത്രമണിഞ്ഞ് താൻ അത്യന്തം ബഹുമാനിക്കുന്ന സഹോദരിക്ക് ഒരു സമ്മാനവുമായി വാങ്ലൂ വാസന്തിയുടെ വീട്ടിൽ ചെന്നു. വാസന്തി സിൽക്കുസാരിയായിരിക്കുമെന്നു കരുതി വാങ്ങാൻ മടിച്ചെങ്കിലും നിർബന്ധം സഹിക്കാതെ അത് സ്വീകരിച്ചു. വാങ്ലൂവിന് വല്ലതും പ്രതിഫലം നൽകുവാനുള്ള ഉദ്ദേശ്യത്തോടെ മുകളിലേക്കു ചെന്നപ്പോൾ, വാങ്ലൂവിനെ വീണ്ടും ക്ഷണിച്ചു സ്വീകരണമുറിയിലിരുത്തിയതിന് രോഷാകുലനായ ഭർത്താവിനെയാണ് കാണുന്നത്. അവിടെവച്ച് അവർ തമ്മിലുള്ള സംസാരംകേട്ട് വാങ്ലൂ താൻ കൊണ്ടുവന്ന സമ്മാനം മേശപ്പുറത്തുവച്ച് ആരോടും പറയാതെ തിരിച്ചുപോയി. മടങ്ങി വന്നു സമ്മാനം തുറന്നുനോക്കിയപ്പോൾ കാണുന്നത് ഒരു ഖദർ സാരിയാണ്. തന്റെ ഭർത്താവു ചെയ്ത കുററത്തിന് മാപ്പ് അപേക്ഷിച്ചുകൊണ്ട് വാസന്തി വാങ്ലൂവിന്റെ കുടിലിൽ ചെല്ലുകയാണ്. എന്നാൽ വാങ്ലൂവിനെ സ്നേഹിക്കുന്ന മാക്കി എന്ന പെൺകുട്ടി വാസന്തിയെ തെററിദ്ധരിക്കുന്നു. വാസ്തവത്തിൽ വാങ്ലൂവിന് അവളോട് യാതൊരു തരത്തിലുള്ള പ്രതിപത്തിയുമുണ്ടായിരുന്നില്ല. സാധുവായ പെൺകുട്ടിയിൽ അലിവുതോന്നിയ വാസന്തി ''ഇന്ത്യയിലെ കഷ്ടപ്പാട് നിറഞ്ഞ സാധാരണക്കാരുടെ ഇടയിൽ ഇത്തരത്തിലുള്ള അനവധി പെൺകുട്ടികളെ കാണാൻ കഴിയുമെന്നും അതുകൊണ്ട് വാങ്ലൂ ആ സഹോദരിയെ വെറുക്കരു”തെന്നു പറയുമ്പോൾ വാങ്ലൂ തന്റെ മരിച്ചുപോയ ഏക സഹോദരിയെയും ഭൂതകാലജീവിതത്തെയും പററി ഓർക്കുകയാണ്.

**ഭൂതകാലത്തിന്റെ ചിത്രം**

സുന്ദരിയും യുവതിയുമായ തന്റെ സഹോദരിയെ ഗ്രാമത്തിലെ ഒരു വഴിത്താരയിൽവെച്ച് ഒരുദിവസം സ്ഥലത്തെ ഭൂവുടമ കാണുവാനിടയായി. അവളിലാസക്തനായ അയാൾ വാങ്ലൂ കൃഷി ചെയ്യുന്ന തന്റെ ഭൂമിയിൽനിന്നു കിട്ടേണ്ട പണത്തിനു ധൃതി കൂട്ടിത്തുടങ്ങി. പണം കൊടുത്തു തീർക്കുവാനായി രാപ്പകലില്ലാതെ വേല ചെയ്തു വാങ്ലൂ രോഗബാധിതനാകുന്നു. പാട്ടം കൊടുത്തില്ലെങ്കിൽ ഭൂമിയൊഴിയുവാനുള്ള സെമിന്ദാരുടെ താക്കീത് ഒരുവശത്ത്, കഠിനമായ രോഗം മറെറാരു വശത്ത്, ഈ സന്ദർഭത്തിൽ ജ്യേഷ്ഠന്റെ കഷ്ടപ്പാടു കണ്ട സഹോദരി അലൽ തന്റെ നെക്ലസ് മുതലാളിക്കു നൽകുവാനായി അയാളുടെ വീട്ടിൽചെന്നു. എന്നാൽ, പണ്ടം വാങ്ങാതെ ക്രൂരനായ ആ വഞ്ചകൻ ആ പെൺകിടാവിന്റെ ചാരിത്രം പിടിച്ചുപററി. രോഗത്തിന്റെ മൂർച്ചയിൽ വാങ്ലൂ ഈ വിവരം അറിഞ്ഞു. തന്നെ അറിയിക്കാതെ മുതലാളിയുടെ വീട്ടിൽ പോയതിന് രോഷാകുലനായി അവളെ വീട്ടിൽനിന്ന് ആട്ടിയോടിച്ചു. രോഗം ശാന്തമായി ബുദ്ധി വീണ്ടുകിട്ടിയപ്പോഴേയ്ക്കും താൻ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഏക സഹോദരി ആത്മഹത്യ ചെയ്തു കഴിഞ്ഞിരുന്നു. ഈ പശ്ചാത്താപത്തിന്റെ തീച്ചൂളയിൽ വെന്തുരുകി മനംമടുത്താണ് വാങ്ലൂ നാടുവിട്ടത്.

വീട്ടിൽ മടങ്ങിച്ചെന്ന് വാസന്തി വാങ്ലൂവിന്റെ ഹൃദയഭേദകമായ ഭൂതകാലജീവിതം തന്റെ ഭർത്താവിന് വിവരിച്ചു കൊടുക്കുമ്പോൾ അയാൾ വാങ്ലൂവിനോടു പരുഷമായി പെരുമാറിയതിനു പഷ്ചാത്തപിക്കുകയാണ്.

ഇതിനുശേഷം പല സംഭവങ്ങളും നടന്നു. വാസന്തിയെ രാഷ്ട്രീയ പ്രവർത്തനത്തിന് ആറുകൊല്ലത്തേയ്ക്കു ശിക്ഷിച്ചു. ചൈനയെ ജപ്പാൻ ആക്രമിക്കുകയാണ്. ആയിരക്കണക്കിൽ ചീനക്കാർ മരണമടയുന്ന വാർത്ത വാങ്ലൂവിനെ വേദനിപ്പിക്കുന്നു. തന്റെ നാട് തന്നെ മാടിവിളിക്കുന്നതായി വാങ്ലൂവിന് തോന്നി. ആറുകൊല്ലത്തെ ജയിൽവാസത്തിന്നുശേഷം രോഗബാധിതയായി മടങ്ങിവരുന്ന വാസന്തിയോട് താൻ നാട്ടിലേക്കു മടങ്ങുവാൻ തീർച്ചയാക്കിയ വിവരം വാങ്ലൂ അറിയിച്ചു. ''സഹോദരീ, നിങ്ങളുടെ നാട്ടിന്ന് വേണ്ടി നിങ്ങൾ എന്തെല്ലാം ത്യാഗങ്ങൾ സഹിച്ചു. എന്നാൽ ഞാൻ എന്റെ രാജ്യത്തിനായി ഒന്നും തന്നെ ചെയ്തില്ല'' എന്ന് അപരാധബോധത്തോടെ പറയുന്ന വാങ്ലൂവിനെ വാസന്തി ധൈര്യത്തോടെ യാത്രയാക്കുന്നു. താൻ കുറെ കാലമായി സൂക്ഷിച്ചുവെച്ചിരുന്ന സഹോദരിയുടെ നെക്ക്ലസ് തന്റെ ഓർമക്കായി വാങ്ലൂ വാസന്തിയെ ഏല്പിക്കുന്നു. അവസാനം വാങ്ലൂ നാട്ടിലേക്കു മടങ്ങുന്ന സമയം ഹൂഗ്ലിയുടെ തീരത്തുവച്ച് വാസന്തി വാങ്ലൂവിന്റെ കൈകളിൽ രാഖി (സൗഹാർദ ചിഹ്നം) അണിയിക്കുന്നു. വാങ്ലൂ കപ്പലിൽ കയറുന്നതോടുകൂടി കഥ അവസാനിക്കുന്നു.

**അഭിനയം**

രണ്ടേകാൽ മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ കഥയിൽ എടുത്തുപറയത്തക്ക നാലഞ്ചു കഥാപാത്രങ്ങളെയുള്ളു. വാങ്ലൂവായി അഭിനയിക്കുന്നത് ശ്രീ കാളിബാനർജിയും വാസന്തിയുടെ ഭാഗം അഭിനയിക്കുന്നത് ശ്രീമതി മംജൂദേയുമാണ്. സംഭാഷണം, ചലനം, ചിരി എന്നു വേണ്ട എല്ലാ ഭാവപ്രകടനങ്ങളിലും ഒട്ടും തന്നെ ക്രിത്രിമത്വമോ അ

തിശയോക്തിയോ ആയാസമോ കൂടാതെ ഉടനീളം ഒരു ചൈനക്കാരനായി ജീവിച്ച ശ്രീ കാളിബാനർജിയെ കാണുമ്പോൾ 'നല്ലഭൂമി'യിൽ അഭിനയിച്ച മഹാനായ പോൾമുനിയെ നാം ഇടയ്ക്കെങ്കിലും ഓർത്തുപോകും. ശ്രീ മംജൂദേയുടെ അഭിനയത്തിൽ ഒരു ബംഗാളിസ്ത്രീയുടെ സഹജമായ ശാലീനതയും ലാളിത്യവും ഒരു പാകത വന്ന രാഷ്ട്രീയ പ്രവർത്തകയുടെ ജീവിതവീക്ഷണവും ധൈര്യവും ഒത്തിണങ്ങിയതായി കാണും. ബാരിസ്റ്റർ രാജത്തിന്റെ ഭാഗം അഭിനയിക്കുന്ന ശ്രീബികാഷ്റോയിയിൽ ഇരുത്തം വന്ന ഒരു നടന്റെ എല്ലാ ലക്ഷണങ്ങളുമുണ്ട്. അലനായി പ്രത്യക്ഷപ്പെടുന്ന ഇഷോവെനും മാക്കിയുടെ ഭാഗമെടുത്ത സ്മൃതിരേഖയും തങ്ങളുടെ ചുമതല വേണ്ട വണ്ണം നിർവഹിച്ചിട്ടുണ്ട്. അടിമത്തത്തിൽനിന്നും അഴിമതിയിൽനിന്നും മുക്തിനേടാൻ കൊതിച്ച രണ്ടു ഏഷ്യൻജനതയുടെ പ്രതിനിധികളാണ് വാങ്‌ലൂവും വാസന്തിയും. സാങ്കേതികമായി ഈ ചിത്രം ഏറ്റവും നല്ല ഒരു നിലവാരം പുലർത്തിയിട്ടുണ്ട്.

മാനുഷികമൂല്യങ്ങളും ദേശാഭിമാനവും അന്താരാഷ്ട്രീയസൗഹാർദം ഒത്തിണങ്ങിയ ഇത്തരത്തിലുള്ള ഒരു ചിത്രം ഇന്ത്യയിലാദ്യമായിട്ടായിരിക്കണം നിർമിക്കുന്നത്. ഈ ധീരമായ സംരംഭത്തിന് ഇതിന്റെ നിർമാതാക്കളും സംവിധായകനും അഭിനന്ദനമർഹിക്കുന്നു. ഇന്ത്യൻ ചിത്രലോകത്തിൽ അവിശ്വസനീയവും മനംമടുപ്പിക്കുന്നതും വൈവിധ്യരഹിതവുമായ പ്രേമകഥകൾ കണ്ടു വീർപ്പുമുട്ടിയ ജനങ്ങൾക്ക് ഈ ചിത്രം കണ്ട് പുറത്തുവരുമ്പോൾ സൂര്യപ്രകാശവും ശുദ്ധവായുവുമുള്ള ഒരു പ്രദേശം കണ്ടെത്തിയ പ്രതീതിയാണുണ്ടാവുക. ഈയിടെ ഈ ചിത്രം ഡൽഹിയിൽ രാഷ്ട്രപതിഭവനിൽ പ്രദർശിപ്പിച്ചപ്പോൾ പണ്ഡിറ്റ് നെഹ്റുവും ഡോ. രാധാകൃഷ്ണനും വളരെയധികം പ്രശംസിക്കുകയുണ്ടായി. അടുത്ത് നടക്കുവാൻ പോകുന്ന വെനിസ്സ് ഫിലിം ഫെസ്റ്റിവലിന് തെരഞ്ഞെടുത്ത ഇന്ത്യൻ ചിത്രങ്ങളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെടുന്നു. പുതിയ മാർഗങ്ങൾ ബംഗാളി സിനിമാനിർമാതാക്കളെങ്കിലും ഇടയ്ക്ക് ആവിഷ്കരിച്ചു കാണുന്നതിൽ സിനിമാപ്രേമികൾക്ക് ചാരിതാർത്ഥ്യമുണ്ടാവും, തീർച്ച.